## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 810 — 13/06/2012 - ൽ മറുപടിക്ക്.

## തിരുവനന്തപുരം - കാസർഗോഡ് ജലപാത

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ജെയിംസ് മാത്യു. | | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം - കാസർഗോഡ് ജലപാത ഗതാഗത യോഗ്യമാക്കുന്നതിന്റെ പ്രവർത്തന പുരോഗതി അറിയിക്കുമോ ; | : | (എ) കോവളം മുതൽ നീലേശ്വരം വരെയുള്ള ജലപാത സംസ്ഥാന ജലപാതയായി വർഷങ്ങൾക്ക് മുമ്പേ അംഗീകരിച്ച് പ്രവർത്തനം നടത്തി വരികയാണ്. ഇതിൽ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ഭാഗം ദേശീയ ജലപാതയായി അംഗീകരിച്ച് 1992 - ൽ വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. ഇതിന്റെ പണികൾ IWAI (Inland Waterways Authority of India) യുടെ നേതൃത്വത്തിലാണ് നടന്നു വരുന്നത്. ഉദ്യോഗമണ്ഡൽ കനാൽ, ചമ്പക്കര കനാൽ എന്നിവയും ഇതിന്റെ ഭാഗമാണ്. ഇതിന്റെ പണി ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. കോവളം മുതൽ കൊല്ലം വരെയുള്ള ഭാഗവും കോട്ടപ്പുറം മുതൽ നീലേശ്വരം വരെയുള്ള ഭാഗവും 12-ാം ധനകാര്യ കമ്മീഷൻ അവാർഡിൽപ്പെടുത്തി പുനരുദ്ധാരണ പണികൾ ഏറ്റെടുക്കുകയും പൂർത്തിയാകാത്തവ 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി നടത്തുവാൻ 100 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുമുണ്ട്. |
| (ബി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കുമെന്നും എന്ന് ജലഗതാഗതം ആരംഭിക്കുമെന്നും അറിയിക്കുമോ ? | : | (ബി) ദേശീയ ജലപാതയുടെ പണികൾ 2013 മാർച്ച് മാസത്തോടെ പൂർത്തിയാക്കാനാണ് IWAI ലക്ഷ്യമിട്ടിരിക്കുന്നത്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് 12-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് സംസ്ഥാന ജലപാത പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ